മാർച്ച് 31-ഓടുകൂടി അതിന്റെ പണി തീരും. ആ സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുമ്പോൾ ബാക്കി എല്ലാ പ്രശ്നങ്ങളും തീരും. എന്നാലും അങ്ങ് പറഞ്ഞത് പ്രത്യേകിച്ച് പരിഗണിച്ചുകൊണ്ട് നല്ല നിലയിൽ കാര്യങ്ങൾ പറയുന്ന ആൾ എന്ന് കണക്കിലെടുത്തുകൊണ്ട് ചിറ്റടിയിലെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

(18) കല്ലറ-പാങ്ങോട് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണം

ശ്രീ. പിരപ്പൻകോട് മുരളി: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ പാങ്ങോട് ശുദ്ധജലവിതരണ പദ്ധതിയുടെ പണി അടിയന്തിരമായി പൂർത്തിയാക്കണമെന്നുള്ളത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. 1998 ഒക്ടോബറിൽ 989 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ച് വാമനപുരം മണ്ഡലത്തിലെ കല്ലറ-പാങ്ങോട്-പുല്ലൻപാറ പഞ്ചായത്തുകളിലും നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ വെമ്പായം-പനവൂർ പഞ്ചായത്തുകളിലും കുടിവെള്ളം നൽകാനായി ആരംഭിച്ച പദ്ധതിയാണിത്. ഏതാണ്ട് 75% പണിയും പൂർത്തിയായി. 500 ലക്ഷത്തിലേറെ രൂപ ചെലവായി. അരുവിപ്പുറത്ത് 150 ഹോഴ്സ് പവറുള്ള 3 പമ്പ്സെറ്റ് സ്ഥാപിച്ചു. ശുദ്ധീകരണ ടാങ്കിന്റെ നിർമ്മാണം 4 കൊല്ലം മുമ്പ് പൂർത്തിയായി. 14 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലജലസംഭരണി പൂർത്തിയായി. 300 എം.എം. വ്യാസമുള്ള clear water pumping main-ന്റെ പണി പൂർത്തിയായി. 100 ഹോഴ്സ്പവർ clear water pump-ഉം 15 കിലോമീറ്റർ ദൂരം വിതരണശൃംഖലയും സ്ഥാപിച്ചുകഴിഞ്ഞു. അരുവിപ്പുറം പമ്പ്ഹൗസിൽനിന്ന് തെങ്ങിൻകോട്ട ശുദ്ധീകരണശാലയിലേക്കും അവിടെനിന്ന് കൊടിതൂക്കിക്കുന്നിലെ ഓവർഹെഡ് ടാങ്കിലേക്കുമുള്ള പൈപ്പ്ലൈനിന്റെ പണിയാണ് ഇനി അവശേഷിക്കുന്നത്. വാട്ടർ അതോറിറ്റി അധികാരികളുടെ അനാസ്ഥയും അശ്രദ്ധയും കാരണം ഏറ്റവും ഒടുവിൽ വിളിച്ച ടെന്റർ ക്രമവിരുദ്ധമാണെന്ന് കാണിച്ച് ടെക്നിക്കൽ എക്സാമിനർ അത് റദ്ദുചെയ്തിരിക്കുകയാണ്. കഴിഞ്ഞ 4 വർഷമായി അവിടെ യാതൊരു പണിയും നടക്കുന്നില്ല. ഈ വിഷയത്തെക്കുറിച്ച് ഇതെന്റെ 6-ാമത്തെ സബ്മിഷനാണ്. മന്ത്രിമാർ പങ്കെടുത്ത റിവ്യൂ മീറ്റിംഗിൽ ഇതു സംബന്ധിച്ച് നാലഞ്ചുതവണ ചർച്ചനടത്തി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വന്നിട്ടും വഞ്ചി തിരുനക്കരയാണെന്നു പറയുന്നതിൽ എനിക്ക് സങ്കടമുണ്ട്. അടിയന്തിരമായി ഇത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, അദ്ദേഹം ഒരു സാഹിത്യകാരനായതുകൊണ്ട് ഭാഷയ്ക്കു നല്ല പ്രയോഗശുദ്ധിയുണ്ട്. എന്റെ ഒരു ബന്ധുകൂടിയാണ് അദ്ദേഹം. മേൽപ്പറഞ്ഞ കിണറിന്റെ 95 ശതമാനം പണിയും 10 ലക്ഷം ലിറ്റർ ശുദ്ധീകരണശാലയുടെയും കൊടിതൂക്കിക്കുന്നിലെ ഉപരിതല ടാങ്കിന്റെയും RA വാട്ടർ ക്ലിയർ പമ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly

മെയിനിന്റെയും ശുദ്ധജലവിതരണശൃംഖലയുടെയും പണികൾ ഒക്കെ ഏറെക്കുറെ പൂർത്തിയാകാറായിട്ടുണ്ട്. ഇതുസംബന്ധിച്ച് ഞാൻ ഒരു ചർച്ച നടത്തിയിരുന്നു. അത് ഫലപ്രാപ്തിയിൽ എത്തും എന്നുള്ള പ്രതീക്ഷയിൽത്തന്നെ ബാക്കി ചില കാര്യങ്ങൾ കൂടി ചെയ്തിട്ടുണ്ട്. ഇനിയും അതിനകത്ത് തീരാത്ത പണികളുണ്ടെന്ന് അങ്ങ് പറഞ്ഞതിൽനിന്നും മനസ്സിലാകുന്നു. ഈ പണികളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെകൂടി സാന്നിധ്യത്തിൽ ഒരു ചർച്ചകൂടി നടത്തി പരിഹാരം കാണുന്നതാണ്.

(19) കെ.എസ്.ആർ.ടി.സി.-യിൽ എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നും ജീവനക്കാരുടെ വേതനത്തിൽ മാറ്റം വരുത്തണമെന്നുമുള്ള ആവശ്യം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. വഴിയും ആശ്രിതരായും നിയമിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം നിയമനം നൽകുന്നതിനു പകരം നിയമവിരുദ്ധമായി എംപാനൽ വ്യവസ്ഥയിൽ താൽക്കാലിക നിയമനം നൽകി ദിവസക്കൂലിക്ക് പണിയെടുപ്പിച്ചുകൊണ്ടിരിക്കുകയാണ്. പി.എസ്.സി.വഴിയും ആശ്രിതനിയമന വ്യവസ്ഥപ്രകാരവും സ്ഥിരംനിയമനത്തിന് അർഹത നേടിയവരെയാണ് വർഷങ്ങളോളം താൽക്കാലികാടിസ്ഥാനത്തിൽ പണിയെടുപ്പിക്കുന്നത്. ഈ കാലയളവിനെ സർവ്വീസായിട്ടുപോലും പരിഗണിക്കുന്നില്ല. ഇവരുടെ സർവ്വീസ് പരിഗണിക്കപ്പെടേണ്ടതുണ്ട്. പ്യൂൺസ്, സ്കാവഞ്ചർ എന്നീ തസ്തികകളിൽപ്പോലും താൽക്കാലികമായി മാത്രമേ നിയമനം നൽകുന്നുള്ളൂ. താൽക്കാലികമായി നിയമിക്കുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലിപോലും നൽകുന്നില്ല. പി.എസ്.സി. മുഖേന തെരഞ്ഞെടുത്ത് നിയമിക്കുന്നവരെ റിസർവ്വായി നിയമിക്കണമെന്നും 240 ഡ്യൂട്ടി കഴിഞ്ഞവരെ സ്ഥിരപ്പെടുത്തണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി നിലനിൽക്കുന്നുണ്ട്. അതുപോലും പാലിക്കപ്പെടുന്നില്ല. ക്ഷാമബത്ത കുടിശ്ശികയുണ്ട്. കുടിശ്ശിക ക്ഷാമബത്ത നൽകുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണം. ഈ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷന്റെ നേതൃത്വത്തിൽ തുടർച്ചയായി സമരം നടക്കുന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് ഞാൻ കരുതുന്നു. ഈ പ്രശ്നങ്ങൾക്കെല്ലാം അടിയന്തിര പരിഹാരം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):* സർ, കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. അഡ്വൈസ്ചെയ്ത 2242 എംപാനൽ ജീവനക്കാരുണ്ട്. ആശ്രിത നിയമന വ്യവസ്ഥപ്രകാരം നിയമനം ലഭിച്ച 55 പേർ വേറെയുണ്ട്. ഇത്രയും പേരെ റെഗുലറൈസ് ചെയ്യണമെന്നുണ്ടെങ്കിൽ 19 ലക്ഷം രൂപ ഒരു മാസം

LIBRARY ARCHIVES Kerala Legislative Assembly